ٱلْغَنِىُّ അൽഗനിയ്യ്

ഇമാം അൽഖത്വാബി رحمه الله പറഞ്ഞു: സൃഷ്ടികളിൽനിന്നു ധന്യനായവനാണ് അൽഗനിയ്യ്. തന്റെ അധികാരത്തെ അവർ സഹായിക്കുന്നതിൽനിന്നും അവർ ശക്തിപ്പെടുത്തുന്നതിൽനിന്നും അവൻ ധന്യനാണ്. അവരിലേക്ക് അവനു യാതൊരു ആവശ്യവും ഇല്ല. അവരാകട്ടെ അവനിലേക്ക് ഫക്വീറുമാരും ആവശ്യക്കാരുമാണ്. അല്ലാഹുﷻ, തന്നെ വിശേഷിപ്പിച്ചത് അപ്രകാരമാണ്.

﴿ وَٱللَّهُ ٱلْغَنِىُّ وَأَنتُمُ ٱلْفُقَرَآءُ ﴾ محمد: ٣٨

﴿... ..അല്ലാഹുവാകട്ടെ പരാശ്രയമുക്തനാകുന്നു. നിങ്ങളോ ദരിദ്രന്മാരും... ..﴾ (വി. ക്വു. 47: 38)[1]

വിശുദ്ധക്വുർആനിൽ ഈ തിരുനാമം പതിനെട്ടു സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. ഏത് അളവുകോലുകൾ എടുത്താലും ഏതെല്ലാം നിലയിൽ നോക്കിയാലും സമ്പൂർണ ധന്യത അല്ലാഹുﷻവിനു മാത്രമാകുന്നു. കാരണം അവൻ സമ്പൂർണനാണ്. അവന്റെ വിശേഷണങ്ങളും സമ്പൂർണമാണ്. മുഴുസൃഷ്ടികളിൽനിന്നും അവൻ ധന്യനാണ്. ഒരു നിലക്കും അവൻ അവരിലേക്ക് ആവശ്യക്കാരനോ അവരെ ആശ്രയിക്കുന്നവനോഅല്ല. അതുകൊണ്ടാണ് അല്ലാഹുﷻ അവനെ കുറിച്ച് ഇപ്രകാരം പറഞ്ഞത്:

﴿ فَإِنَّ ٱللَّهَ غَنِىٌّ عَنِ ٱلْعَٰلَمِينَ ﴾ آل عمران: ٩٧

﴿... ..അല്ലാഹു ലോകരെ ആശ്രയിക്കാത്തവനാകുന്നു.﴾(വി.ക്വു. 3: 97)

സൃഷ്ടികൾ ആരായാലും അല്ലാഹുﷻവിനെ ആശ്രയിക്കേണ്ടവരും ആശ്രയിക്കുന്നവരുമാണ്. അതുകൊണ്ടാണ് അവൻ അവരെ കുറിച്ച് ഇപ്രകാരം പറഞ്ഞത്:

﴿ يَٰٓأَيُّهَا ٱلنَّاسُ أَنتُمُ ٱلْفُقَرَآءُ إِلَى ٱللَّهِ ۖ وَٱللَّهُ هُوَ ٱلْغَنِىُّ ٱلْحَمِيدُ ﴾ فاطر: ١٥

﴿... ..മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതന്മാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു.﴾ (വി. ക്വു. 35: 15)

---

[1] *ശഅ്നുദ്ദുആഅ്. 92, 93*

സൃഷ്ടിക്കുകയും എല്ലാം ഉടമപ്പെടുത്തുകയും പരിപാലിക്കുകയും യഥേഷ്ടം കൈകാര്യം ചെയ്യുകയും ഉദ്ദേശിക്കുന്നത് ഉദ്ദേശിക്കുംവിധം ഉദ്ദേശിക്കുന്നവർക്ക് നൽകുന്നവനുമാണ് അൽഗനിയ്യായ അല്ലാഹു. എന്നാലും അല്ലാഹുവിന്റെ ഖജനാവുകൾ തീരുകയോ അതിൽ കുറയുകയോ ഇല്ലതന്നെ.

അബൂദർറിൽ നിന്ന് നിവേദനം. അല്ലാഹു പറഞ്ഞതായി അല്ലാഹുവിന്റെ റസൂൽ പറഞ്ഞു:

يَا عِبَادِي لَوْ أَنَّ أَوَّلَكُمْ وَآخِرَكُمْ وَإِنْسَكُمْ وَجِنَّكُمْ قَامُوا فِي صَعِيدٍ وَاحِدٍ فَسَأَلُونِي فَأَعْطَيْتُ كُلَّ إِنْسَانٍ مَسْأَلَتَهُ مَا نَقَصَ ذَلِكَ مِمَّا عِنْدِي إِلاَّ كَمَا يَنْقُصُ الْمِخْيَطُ إِذَا أُدْخِلَ الْبَحْرَ

((എന്റെ ദാസന്മാരെ, നിങ്ങളിൽ ആദ്യത്തെ വ്യക്തിയും അവസാനത്തെ വ്യക്തിയും മനുഷ്യരും ജിന്നുകളും ഒരു പ്രതലത്തിൽ നിൽക്കുകയും അങ്ങിനെ അവർ എന്നോടു ചോദിക്കുകയും ഓരോ മനുഷ്യനും അവൻ ചോദിച്ചതു ഞാൻ നൽകുകയുംചെയ്താൽ സൂചി സമുദ്രത്തിൽ പ്രവേശിപ്പിക്കപെട്ടാൽ സമുദ്രജലത്തിൽനിന്ന് അത് എത്രയാണോ കുറക്കുക അത്രയല്ലാതെ എന്റെ അടുക്കലുള്ളതിൽനിന്ന് അത് ഒന്നും കുറക്കുകയില്ല.)) (മുസ്ലിം)

ഗനിയ്യ് എന്ന അല്ലാഹുവിന്റെ തിരുനാമത്തോട് ഹമീദ് എന്ന തിരുനാമം പലയിടത്തും ചേർന്നുവന്നതുകാണാം.

﴿ غَنِيٌّ حَمِيدٌ ﴾ البقرة: ٢٦٧ ﴿ ٱلْغَنِيُّ ٱلْحَمِيدُ ﴾ الحج: ٦٤ ، لقمان: ٢٦ ، فاطر: ١٥ ، الحديد: ٢٤

അല്ലാഹു സമ്പൂർണ അർത്ഥത്തിലുള്ള ധന്യനാണ്. അതോടൊപ്പം അവൻ വാഴ്ത്തപ്പെടുന്നവനും വാഴ്ത്തേണ്ടവരെ വാഴ്ത്തുന്നവനുമാണ്. സ്തുത്യർഹനാണ്. സ്തുതി അർഹിക്കുന്നവരെ സ്തുതിക്കുന്നവനുമാണ്.

അൽഗനിയ്യ് എന്ന അല്ലാഹുവിന്റെ തിരുനാമത്തോട് അൽഹലീം, അൽകരീം എന്നീ നാമങ്ങളും ചേർന്നുവന്നതുകാണാം.

﴿ وَٱللَّهُ غَنِيٌّ حَلِيمٌ ﴾ البقرة: ٢٦٣ ﴿ فَإِنَّ رَبِّي غَنِيٌّ كَرِيمٌ ﴾ النمل: ٤٠

അല്ലാഹുﷻ പരാശ്രയം ആവശ്യമില്ലാത്ത അൽഗനിയ്യാണ്. അവൻ അതോടൊപ്പം അത്യുദാരനും സഹനശീലനുമാണ്.

പടപ്പുകളിൽ പലരും ധനികരായാൽ സ്തുത്യർഹമായ പ്രവൃത്തികളോ ഔദാര്യമുള്ള മനസോ പെരുമാറ്റങ്ങളിൽ വിവേകമോ നഷ്ടപ്പെടുന്ന അവസ്ഥയാണ് ലോകത്തു കാണപ്പെടുന്നത്.

അല്ലാഹുﷻവിന്റെ ഏറ്റവും വലിയ ധന്യത പങ്കാളികളിൽനിന്നും ശിർക്കിൽനിന്നും ശിർക്കു കലർന്ന പ്രവൃത്തികളിൽനിന്നുമാണ്. അബൂഹുറയ്റയിﷺൽ നിന്നും നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

قَالَ اللَّهُ تَبَارَكَ وَتَعَالَى: أَنَا أَغْنَى الشُّرَكَاءِ عَنْ الشِّرْكِ مَنْ عَمِلَ عَمَلًا أَشْرَكَ فِيهِ مَعِي غَيْرِي تَرَكْتُهُ وَشِرْكَهُ.

((അല്ലാഹുﷻപറഞ്ഞു: പങ്കാളികളുടെ ശിർക്കിൽനിന്ന് ഞാൻ ധന്യനാണ്. ആരെങ്കിലും ഒരു കർമ്മം ചെയ്തു, അതിൽ അവൻ എന്റെ കൂടെ ഞാനല്ലാത്തവരെ പങ്കുചേർത്തു. എങ്കിൽ ഞാൻ അവനേയും അവൻ ചെയ്ത ശിർക്കിനേയും ഉപേക്ഷിച്ചിരിക്കുന്നു.)) (മുസ്ലിം)

അബൂസഅ്ദ് ഇബ്നു അബീഫദാലﷺയിൽ നിന്നും നിവേദനം.അല്ലാഹുവിന്റെറസൂൽﷺ പറഞ്ഞു:

إِذَا جَمَعَ اللَّهُ الْأَوَّلِينَ وَالْآخِرِينَ يَوْمَ الْقِيَامَةِ لِيَوْمٍ لَا رَيْبَ فِيهِ نَادَى مُنَادٍ: مَنْ كَانَ أَشْرَكَ فِي عَمَلٍ عَمِلَهُ لِلَّهِ فَلْيَطْلُبْ ثَوَابَهُ مِنْ عِنْدِ غَيْرِ اللَّهِ فَإِنَّ اللَّهَ أَغْنَى الشُّرَكَاءِ عَنِ الشِّرْكِ.

((സംഭവിക്കുമെന്നതിൽ യാതൊരു സംശയവുമില്ലാത്ത അന്ത്യനാളിൽ അല്ലാഹു മുൻഗാമികളേയും പിൻഗാമികളേയും ഒരുമിച്ചുകൂട്ടിയാൽ വിളംബരം നടത്തുന്നവൻ വിളിച്ചു പറയും: ആരെങ്കിലും അല്ലാഹുവിന് ചെയ്ത പ്രവർത്തനത്തിൽ അല്ലാഹുവിൽ പങ്കുചേർത്തവനായിരുന്നുവെങ്കിൽ അവൻ അതിന്റെ പ്രതിഫലം അല്ലാഹു അല്ലാത്തവരുടെ അടുക്കൽ നിന്നുതന്നെ ആവശ്യപ്പെട്ടു

കൊള്ളട്ടേ, തീർച്ചയായും അല്ലാഹു പങ്കുചേർക്കുന്നവരുടെ ശിർക്കിൽനിന്നും ധന്യനാണ്.))[1]

കടം വീടുവാൻ ഒരു ദുആആണ്

തന്റെ കടത്തിന്റെ കാര്യത്തിൽ ആവലാതിപ്പെടുന്ന, മോചനപത്രം എഴുതപ്പെട്ട ഒരു അടിമയോട് അലിയ്യ് ﷺ പറഞ്ഞു:[2]

أَلَا أُعَلِّمُكَ كَلِمَاتٍ عَلَّمَنِيهِنَّ رَسُولُ اللَّهِ ﷺ لَوْ كَانَ عَلَيْكَ مِثْلُ جَبَلِ صِيرٍ دَيْنًا أَدَّاهُ اللَّهُ عَنْكَ قَالَ قُلْ اللَّهُمَّ اكْفِنِي بِحَلَالِكَ عَنْ حَرَامِكَ وَأَغْنِنِي بِفَضْلِكَ عَمَّنْ سِوَاكَ

അല്ലാഹുവിന്റെ റസൂൽ ﷺ എന്നെ പഠിപ്പിച്ച ഏതാനും വചനങ്ങൾ താങ്കൾക്ക് ഞാൻ പഠിപ്പിച്ചുതരട്ടയോ? താങ്കൾക്ക് സ്വയ്റ് പർവ്വതത്തോളം കടം ഉണ്ടെങ്കിലും അല്ലാഹു താങ്കൾക്ക് അതു വീട്ടിത്തരും. അദ്ദേഹം പറഞ്ഞു: താങ്കൾ പ്രാർത്ഥിക്കുക:

اللَّهُمَّ اكْفِنِي بِحَلَالِكَ عَنْ حَرَامِكَ وَأَغْنِنِي بِفَضْلِكَ عَمَّنْ سِوَاكَ

അല്ലാഹുവേ, നിന്റെ ഹറാമിൽ നിന്ന് നിന്റെ ഹലാലിൽ നീ എനിക്കു മതി വരുത്തേണമേ, നിന്റെ ഔദാര്യം കൊണ്ട് നീ അല്ലാത്തവരിൽനിന്ന് എനിക്കു നീ ധന്യത നൽകേണമേ.

---

[1] *സുനനുഇബ്നിമാജഃ. അൽബാനി ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.*
[2] *സുനനുത്തിർമുദി. അൽബാനി ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.*